**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1419** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഖാദർ കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഖാദർ കമ്മീഷൻ റിപ്പോർട്ട് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ എന്താക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (എ) | 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികവുമായ എല്ലാ വശങ്ങളും പരിശോധിച്ച് നിർദേശങ്ങൾ സമർപ്പിക്കുന്നതിനായി 19/10/2017 ലെ സ.ഉ(സാധാ) നം.3779/2017/ പൊ.വി.വ ഉത്തരവിലൂടെ പൊതുവിദ്യാഭ്യാസ വകുപ്പ് വിദഗ്ധ സമിതിയെ രൂപീകരിക്കുകയുണ്ടായി. 03/03/2018 ലെ സ.ഉ(സാധാ) നം.941/2018/ പൊ.വി.വ ഉത്തരവിലൂടെ വിദഗ്ധ സമിതിയുടെ ചെയർമാനായി ഡോ.എം.എ.ഖാദറിനെ നിയോഗിച്ചു. പ്രസ്തുത വിദഗ്ധ സമിതി സർക്കാരിനു മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുകയും അതിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 31/05/2019 തീയതിയിലെ സ.ഉ(കൈ)നം.53/2019/പൊ.വി.വ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.<br><br>1. 12-ാം ക്ലാസുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും നിലവിലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർസെക്കണ്ടറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റ് എന്നീ 3 ഡയറക്ടറേറ്റുകളും സംയോജിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പുതിയ സംവിധാനം രൂപീകരിക്കുകയും ചെയ്തു.<br>2. അതിന്റെ അധികാരസ്ഥാനത്തിൽ ഐ.എ.എസ് കേഡറിലുള്ള തസ്തിക ആക്കുകയും ആയതിന്റെ വെളിച്ചത്തിൽ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ (ഡി.ജി.ഇ) എന്ന തസ്തിക രൂപീകരിക്കുകയും ചെയ്തു. |

3. ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ, ബോർഡ് ഓഫ് ഹയർ സെക്കണ്ടറി എക്സാമിനേഷൻ, ബോർഡ് ഓഫ് വൊക്കേഷണൽ ഹയർ സെക്കണ്ടറി എക്സാമിനേഷൻ എന്നിവ നടത്തുന്ന പൊതു പരീക്ഷകൾക്ക് പരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തുകയും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷനെ പരീക്ഷാ കമ്മീഷണറായി നിയമിച്ച് കൊണ്ടും ഉത്തരവായി. അതിൻ പ്രകാരമാണ് നിലവിൽ പൊതുപരീക്ഷകൾ നടന്നു വരുന്നത്.
4. നിലവിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുകൾ എന്നിവയും ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ നിയന്ത്രണത്തിലാക്കി.
5. സംയോജിത സംവിധാനത്തിലേക്ക് മാറ്റപ്പെടുന്ന 1 മുതൽ 12 വരെയുള്ള സ്കൂളിന്റെ മേധാവി പ്രിൻസിപ്പൽ ആണ്. അതിന്മേലുള്ള നടപടി വകുപ്പ് തലത്തിൽ സ്വീകരിച്ചു വരികയാണ്.
6. വിവിധ ഡയറക്ടറേറ്റിൻ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സംവിധാനം ഏകീകരിച്ച് ഏക സംവിധാനം ആക്കി മാറ്റുന്നതിനുള്ള നടപടി ക്രമങ്ങൾ സർക്കാർ തലത്തിൽ ആരംഭിച്ചിരിക്കുകയാണ്. അതിലേയ്ക്കായി മൂന്ന് ഡയറക്ടറേറ്റുകളിലും സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരെ പൂൾ ചെയ്യേണ്ടതുണ്ട്. ഇതിനായി സ്പെഷ്യൽ റൂൾ രൂപീകരിക്കേണ്ടതായുണ്ട്. ഖാദർ കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കുന്നതിനായി 20.11..2019 ലെ സ.ഉ(സാധാ) നം. 4976/2019/പൊ.വി.വ പ്രകാരം സെക്രട്ടേറിയേറ്റിലെ പൊതുവിദ്യാഭ്യാസ വകുപ്പിൽ ഒരു പ്രത്യേക സെൽ രൂപീകരിച്ചിരുന്നു. തുടർന്ന് ഈ സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ നൽകുന്നതിനും സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുമായി ആറംഗങ്ങൾ ഉൾപ്പെട്ട ഒരു കോർ കമ്മിറ്റി 23/02/2022 ലെ സ.ഉ(സാധാ)നം.1030/2022/പൊ.വി.വ പ്രകാരം രൂപീകരിക്കുകയും, 28/02/2022 ലെ സ.ഉ(സാധാ)നം.1195/2022/പൊ.വി.വ പ്രകാരം കോർ കമ്മിറ്റിയുടെ കൺവീനറായി സമഗ്ര ശിക്ഷ കേരളയിലെ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ശ്രീ.സുരേഷ് കുമാർ എ.കെ യെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ